**മഹാത്മാഗാന്ധി സർവ്വകലാശാല**

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2022 ഒക്ടോബർ 7

# വാർത്താക്കുറിപ്പ്

---

## പ്രോജക്ട് അസോസിയേറ്റ്, ഫീൽഡ് വർക്കർ; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല സയൻസ് ആന്റ് എൻജിനിയറിംഗ് റിസർച്ച് ബോർഡുമായി സഹകരിച്ച് നടത്തുന്ന ഗവേഷണ പ്രോജക്ടിൽ പ്രോജക്ട് അസോസിയേറ്റ്, ഫീൽഡ് വർക്കർ തസ്തികകളിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അന്തർ സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിപാലന സൗകര്യങ്ങളുമായി ബന്ധപ്പെട്ടാണ് ഗവേഷണം.

ഏതെങ്കിലും സാമൂഹ്യ ശാസ്ത്ര വിഷയത്തിൽ ബിരുദാനന്തര ബിരുദവും പി.എച്ച്.ഡി. യുമാണ് പ്രോജക്ട് അസോയിയേറ്റ് തസ്തികയുടെ അടിസ്ഥാന യോഗ്യത. ഏതെങ്കിലും സാമൂഹ്യ ശാസ്ത്ര വിഷയത്തിൽ ബിരുദാനന്തര ബിരുദമുള്ളവരെയാണ് ഫീൽഡ് വർക്കർ തസ്തികയിൽ പരിഗണിക്കുന്നത്.

അന്തർ സംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണ പരിചയവും ഡാറ്റാ അനാലിസിൽ വൈദഗ്ധ്യവുമുള്ളവർക്ക് മുൻഗണന ലഭിക്കും.

വിശദ വിവരങ്ങൾ ഉൾപ്പെടെയുള്ള അപേക്ഷകൾ തപാലിലോ ഇ മെയിലിലോ ഒക്ടോബർ 14ന് വൈകുന്നേരം അഞ്ചിനു മുൻപ് ലഭിക്കണം. അയയ്ക്കേണ്ട വിലാസം: ഡോ. ബിജുലാൽ എം.വി, പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പോളിറ്റിക്സ്, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, പി.ഡി ഹിൽസ് പി.ഒ, കോട്ടയം 686560. ഇ-മെയിൽ :imwasthismgu@gmail.com

(പി.ആർ.ഒ./39/1427/2022)

## പരീക്ഷ മാറ്റി

ഒക്ടോബർ 12 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എഡ്. (2020 അഡ്മിഷൻ റഗുലർ / 2019 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷ ഒക്ടോബർ 17 ലേക്ക് മാറ്റി. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ./39/1428/2022)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ബി.എസ്.സി എം.എൽ.ടി ഒന്നാം വർഷം മുതൽ നാലാം വർഷം വരെയുള്ള (2014 അഡ്മിഷൻ മുതൽ സപ്ലിമെന്ററി / 2008 2013 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ഒക്ടോബർ 26 വരെയും പിഴയോടു കൂടി ഒക്ടോബർ 27 നും സൂപ്പർഫൈനോടു കൂടി ഒക്ടോബർ 28 നും അപേക്ഷ നൽകാം. ഫീസ് സംബന്ധിച്ച വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

## വൈവ വോസി

ഓഗസ്റ്റിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ബി.എ. ബിരുദ പരീക്ഷയുടെ സപ്ലിമെന്ററി വിദ്യാർഥികൾക്കുള്ള വൈവ വോസി പരീക്ഷകൾ ഒക്ടോബർ 14 ന് കോട്ടയം ഗിരിദീപം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ലേണിംഗിൽ വച്ച നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1430/2022)

## പ്രാക്ടിക്കൽ പരീക്ഷ

ഓഗസ്റ്റിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.വോക് ലേജിസ്റ്റിക് മാനേജ്മെന്റ് (2021 അഡ്മിഷൻ റഗലർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 10 മുതൽ നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1431/2022)

## പരീക്ഷാ ഫലം

ഈ വർഷം(2022) ജനുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി ബയോടെക്നോളജി (സി.എസ്.സ്), എം.എസ്.സി മാത്തമാറ്റിക്സ് (2020 അഡ്മിഷൻ റഗലർ / സപ്ലിമെന്ററി), എം.എസ്.സി കെമിസ്ട്രി(2020 അഡ്മിഷൻ റെഗലർ, 2019 അഡ്മിഷൻ റീ അപ്പിയറൻസ്) , രണ്ടാം സെമസ്റ്റർ എം.എ. ഹിസ്റ്ററി (2020 അഡ്മിഷൻ റഗലർ / 2019 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 22 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

2022 ജനുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. പ്രി ആന്റ് ഇലക്ട്രോണിക് ജേണലിസം (സി.എസ്.എസ്. 2020 അഡ്മിഷൻ റഗലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

വിശദവിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. (www.mgu.ac.in)

(പി.ആർ.ഒ./39/1432/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**